പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2011–2014)

**ഒന്നാമത് റിപ്പോർട്ട്**

(2012 മാർച്ച് 21-ാം തീയതി സമർപ്പിച്ചത്)

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ്
ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ
സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2011–2014)

**ഒന്നാമത് റിപ്പോർട്ട്**

(2012 മാർച്ച് 21-ാം തീയതി സമർപ്പിച്ചത്)

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

351/2012.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അദ്ധ്യായം I | | .. | 1 |
| അദ്ധ്യായം II. | സമിതിയുടെ ശുപാർശകൾ, അവ സംബന്ധിച്ച സർക്കാർ മറുപടികൾ, സമിതി ആരാഞ്ഞ അധികവിവരങ്ങൾ, അധിക വിവരങ്ങളടങ്ങുന്ന സർക്കാർ മറുപടികൾ, സമിതിയുടെ പൊതു നിർദ്ദേശം എന്നിവ | .. | 2 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

### ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി മഞ്ജു വർഗീസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി യുടെ പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004-2006)-യുടെ പതിനാലാമത് റിപ്പോർട്ട് 2006 ഫെബ്രുവരി 21-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേലും നിർദ്ദേശ ങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതി വിവിധ യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ താണ് ഈ റിപ്പോർട്ട്.

2012 മാർച്ച് 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

തിരുവനന്തപുരം,
2012 മാർച്ച് 21.

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

# റിപ്പോർട്ട്

## പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

### അദ്ധ്യായം I

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004-06)യുടെ പതിനാലാമത് റിപ്പോർട്ട് 2006 ഫെബ്രുവരി 21-ാം തീയതിയാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. 2000-ലെ ജൂവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ (2000-ലെ 56-ാം കേന്ദ്ര ആക്ട്) 68-ാം വകുപ്പ് പ്രകാരം നല്കപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് 2003-ലെ 773-ാം നമ്പർ എസ്.ആർ.ഒ. ആയി സർക്കാർ വിജ്ഞാപനം ചെയ്ത 2003-ലെ കേരള ജൂവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസിലെ വ്യവസ്ഥകളെ സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും, നിരീക്ഷണങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ ആകെ 21 ശുപാർശകൾ ഉണ്ടായിരുന്നു. '21' ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദമായ മറുപടി സമിതിക്ക് ലഭിക്കുകയുണ്ടായി.

സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതി പരിഗണിക്കുകയും, തൃപ്തികരമായവ അംഗീകരിക്കുകയും, തൃപ്തികരമല്ലാത്തവയിന്മേൽ അധികവിവരം ആരായുകയും ചെയ്തു. സമിതിയുടെ ശുപാർശകൾ, അവ സംബന്ധിച്ച് ലഭിച്ച സർക്കാർ മറുപടികൾ, സർക്കാർ മറുപടികളിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ, അധികവിവരങ്ങളടങ്ങുന്ന സർക്കാർ മറുപടികൾ എന്നിവ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

351/2012.

## അദ്ധ്യായം II

**സമിതി (2004-06)യുടെ 14-ാമത് റിപ്പോർട്ടിലെ ശുപാർശകൾ, സർക്കാർ മറുപടികൾ, സമിതി ആരാഞ്ഞ അധികവിവരങ്ങൾ, അധികവിവരങ്ങളടങ്ങുന്ന സർക്കാർ മറുപടികൾ എന്നിവ**

### 12-ാം ഖണ്ഡികയിലെ ശുപാർശ

ചട്ടം 3 പ്രകാരം രൂപീകരിക്കേണ്ട ജൂവനൈൽ ജസ്റ്റിസ് ബോർഡുകളിലേയും ചട്ടം 8 പ്രകാരം രൂപീകരിക്കേണ്ട ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലേയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ ജഡ്ജിമാർ സർക്കാരിനു സമർപ്പിച്ച പാനലുകളിൽ ഭൂരിഭാഗം ജില്ലകളിലേതും പുനഃപരിശോധിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് സർക്കാർ തിരിച്ചയച്ചിരിക്കുന്നതായിട്ടാണ് സമിതി മനസ്സിലാക്കുന്നത്. അതിൽതന്നെ ഭൂരിഭാഗം ജില്ലാ ജഡ്ജിമാരും അത് പുനഃപരിശോധിക്കുവാൻ തയ്യാറല്ല എന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ഉണ്ടായേക്കാവുന്ന സ്ഥിതിവിശേഷങ്ങൾ തരണം ചെയ്യാൻ ആവശ്യമായ വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്താതിരുന്നതുമൂലമാണ് ഇങ്ങനെ ഒരു സങ്കീർണ്ണ സാഹചര്യം സംജാതമായതെന്നാണ് സമിതിയുടെ അഭിപ്രായം. ആയതിനാൽ മൂലനിയമത്തിലെ വകുപ്പ് 4, വകുപ്പ് 29 എന്നിവ പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട്, ജൂവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ഇതിനകം രൂപീകരിക്കാത്ത ജില്ലകളിൽ, അവ അടിയന്തിരമായി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### 13-ാം ഖണ്ഡികയിലെ ശുപാർശ

അപ്രകാരമൊരു നടപടിക്ക് സർക്കാർ സന്നദ്ധമല്ലെങ്കിൽ, ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിരുന്നപ്രകാരംതന്നെ, ജില്ലാ ജഡ്ജിമാർ ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് സമർപ്പിച്ച പാനലിനെ മുഖവിലയ്ക്കെടുക്കണമെന്നും അപ്രകാരം നിർദ്ദേശിക്കപ്പെട്ട വ്യക്തികളെ ഉൾക്കൊള്ളിച്ചുള്ള ജൂവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും അടിയന്തിരമായി രൂപീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### 14-ാം ഖണ്ഡികയിലെ ശുപാർശ

അതുപോലെ സംസ്ഥാന ഗവൺമെന്റ് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനത്തിലൂടെ ഓരോ ജില്ലയ്ക്കും വേണ്ടിയോ കുറെ ജില്ലകൾക്കുവേണ്ടിയോ ഒന്നോ ഒന്നിലധികമോ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ രൂപീകരിക്കണമെന്ന ആക്ടിലെ 29-ാം വകുപ്പിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം ഇല്ലാതെ പ്രസ്തുത കമ്മിറ്റിയെ സർക്കാരിന് നിയോഗിക്കാം എന്ന വ്യവസ്ഥയാണ് ബന്ധപ്പെട്ട 8-ാം ചട്ടത്തിൽ ചേർത്തിരിക്കുന്നത്. ഇത് ഗുരുതരമായ ഒരു വീഴ്ചയായി സമിതി വിലയിരുത്തുന്നു. ജില്ലാ തലത്തിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ രൂപീകരണം ഔദ്യോഗിക ഗസറ്റ് വിജ്ഞാപനത്തിലൂടെതന്നെ ആയിരിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനായി ചട്ടം 8-ൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**12, 13, 14 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള സർക്കാർ മറുപടി**

"സംസ്ഥാനത്ത് കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് അനുസരിച്ച് 5-12-2005-ലെ സ.ഉ.(പി.)നമ്പർ 138/2005/ എസ്.ഡബ്ല്യു.ഡി. പ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ 8-2-2006-ലെ സ.ഉ.(പി)13/2006/എസ്.ഡബ്ല്യു.ഡി. പ്രകാരം ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 14-ാമത് റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരള ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസ്, 2003-ലെ റൂൾ 3, 8 എന്നിവ 15-6-2007-ലെ സ.ഉ.(പി.) 27/2007/എസ്.ഡബ്ല്യു.ഡി. പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി. അതനുസരിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും നിലവിലില്ലാത്ത എല്ലാ ജില്ലകളിലേക്കും അവ രൂപീകരിക്കുവാൻ പത്രദ്വാരാ അപേക്ഷകൾ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കി പാനൽ സർക്കാരിന് ലഭ്യമാക്കുകയും സർക്കാർ ഇവ പരിശോധിച്ച്, ജുവനൈൽ ജസ്റ്റിസ് ബോർഡിലേക്കും 7 ജില്ലകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലേക്കും അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് 16-1-2008-ലെ സ.ഉ.(പി) 3/2008/സാ.ക്ഷേ.വ. പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, വയനാട് ജില്ലകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ രൂപീകരിക്കുകയും കമ്മിറ്റികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലേക്ക് യോഗ്യരായ അപേക്ഷകരുടെ അഭാവംമൂലം കമ്മിറ്റി രൂപീകരിക്കാൻ കഴിഞ്ഞില്ല. ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാരെ നിയമിക്കുവാൻ ജസ്റ്റിസുമാരുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് അഭ്യർത്ഥിക്കുകയും അതനുസരിച്ച് എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാരായി അതാതു ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരെ നിയമിക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ അവസരത്തിലാണ് കേന്ദ്ര സർക്കാർ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസ് (മോഡൽ റൂൾസ്), 2007 പുറപ്പെടുവിച്ചത്. പ്രസ്തുത റൂൾസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമം ഭേദഗതി ചെയ്യുന്നതുവരെ മോഡൽ റൂൾസ്, 2007 ആയിരിക്കും സംസ്ഥാനങ്ങളിൽ ബാധകമെന്ന് പ്രസ്തുത റൂളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ മോഡൽ റൂൾസ്, 2007 അനുസരിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും നിലവിലില്ലാത്ത എല്ലാ ജില്ലകളിലും അവ രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ചു കഴിഞ്ഞു." (17-1-2008-ലെ 3407/ബി3/06/സാ.ക്ഷേ.വ. നമ്പർ കത്തു മുഖേന ലഭിച്ചത്).

6-1-2009-ന് ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും ജൂവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും നിലവിലില്ലാത്ത എല്ലാ ജില്ലകളിലും അവ രൂപീകരിച്ചിട്ടുണ്ടോ എന്ന് ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. അപ്രകാരം ആവശ്യപ്പെട്ടതിന് 12-10-2010-ലെ 5160/ബി3/09/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജൂവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്."

17-11-2011-ന് ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 20-ാം ഖണ്ഡികയിലെ ശുപാർശ

വിവിധ ഹോമുകളിലെ അന്തേവാസികളുമായി സമിതി നേരിട്ട് സംവദിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതിക്ക് ഏറ്റവും ദുഃഖകരമായി തോന്നിയത് അവരുടെ ഭക്ഷണക്രമത്തിലെ അപര്യാപ്തത സംബന്ധിച്ചാണ്. സമിതി സന്ദർശനം നടത്തിയ എല്ലാ ഹോമുകളിലേയും അന്തേവാസികൾ, പ്രത്യേകിച്ച് മുതിർന്ന കുട്ടികൾ, തങ്ങൾക്ക് ലഭിക്കുന്ന ഭക്ഷണത്തിന്റെ അളവ് തീരെ അപര്യാപ്തമാണെന്ന് പരാതിപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് സമിതി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. ചട്ടപ്രകാരം അനുവദനീയമായ അളവിലാണ് ആഹാരസാധനങ്ങൾ തയ്യാറാക്കി വിതരണം നടത്തുന്നതെന്നും നിശ്ചിത അളവിൽ കൂടുതൽ കൊടുത്താൽ ഉണ്ടാകുന്ന അധിക ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമലിലാകുമെന്നതിനാലാണ് കുട്ടികൾക്ക് ആവശ്യാനുസരണം ആഹാരസാധനങ്ങൾ വിതരണം നടത്താൻ കഴിയാത്തതെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇക്കാര്യങ്ങൾ സമിതി വിശദമായി പരിഗണിക്കുകയുണ്ടായി. ചട്ടങ്ങളിൽ അനുബന്ധം II ആയി ചേർത്തിരിക്കുന്നതും ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം എന്നിവയിലെ അന്തേവാസികൾക്ക് പൊതുവായി ബാധകമാവുന്നതുമായ "ഡയറ്റ് സ്കെയിൽ" അനുസരിച്ചാണ് വിവിധ സ്ഥാപനങ്ങൾ അവിടത്തെ അന്തേവാസികൾക്ക് ഭക്ഷണക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത സ്കെയിൽ അനുസരിച്ച് ഓരോ കുട്ടിക്കും അനുവദിച്ചിട്ടുള്ള ഭക്ഷ്യസാധനങ്ങളുടെ അളവ് തീരെ അപര്യാപ്തമാണെന്ന് സമിതി കണ്ടെത്തി. ഉദാഹരണത്തിന് 14 വയസ്സിന് മുകളിലുള്ള ഒരു കുട്ടിക്ക് മൂന്നുനേരവും അരി ആഹാരമാണ് കൊടുക്കുന്നതെങ്കിൽ അതിന് പ്രതിദിനം അനുവദിച്ചിട്ടുള്ളത് വെറും 400 ഗ്രാം അരി മാത്രമാണ്. അതുപോലെ 14 വയസ്സിനുമുകളിലുള്ള ഒരു കുട്ടിക്ക് ഒരു ദിവസത്തേക്ക് 100 ഗ്രാം ഗോതമ്പ് മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ യാഥാർത്ഥ്യവുമായി ഒരു തരത്തിലും പൊരുത്തപ്പെടാത്ത ഭക്ഷണക്രമം കാലോചിതമായി പരിഷ്കരിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ചട്ടങ്ങളിലെ അനുബന്ധം II പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡയറ്റ് സ്കെയിൽ, ഡയറ്റീഷ്യന്മാർ, ആരോഗ്യ പ്രവർത്തകർ, ഈ രംഗത്തെ മറ്റ് വിദഗ്ദ്ധർ എന്നിവരുമായി കൂടിയാലോചിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കുവാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## 21-ാം ഖണ്ഡികയിലെ ശുപാർശ

ഭക്ഷണകാര്യംപോലെ തന്നെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വിഷയമാണ് അന്തേവാസികൾക്ക് ലഭിക്കുന്ന താമസസൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും. സമിതി സന്ദർശനം നടത്തിയ തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ വിവിധ ഹോമുകളിലെ എല്ലാ കുട്ടികൾക്കും കിടക്കാൻ കട്ടിൽ ലഭ്യമല്ല എന്ന് കാണാൻ കഴിഞ്ഞു. അതുപോലെ വൃത്തിയുള്ള കിടക്കവിരികളുടെയും ഷീറ്റുകളുടെയും കുറവും ശ്രദ്ധയിൽപ്പെട്ടു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വസ്ത്രങ്ങൾ, അടിവസ്ത്രങ്ങൾ, കുളിക്കുവാനും വസ്ത്രം അലക്കുവാനുമുള്ള സോപ്പുകൾ എന്നിവ ചട്ടപ്രകാരം അവർക്ക് ലഭ്യമാക്കുന്നില്ല എന്നും സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഈ കുറവ് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. നല്ല ഭക്ഷണത്തോടൊപ്പം നല്ല വസ്ത്രങ്ങളും ആരോഗ്യകരമായ ജീവിതസാഹചര്യങ്ങളും ഉറപ്പാക്കിയില്ലെങ്കിൽ മാരകമായ പകർച്ചവ്യാധികൾ പെട്ടെന്ന് പടർന്നുപിടിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളാണ് ജൂവനൈൽ ഹോമുകൾ പോലുള്ള കേന്ദ്രങ്ങൾ. ഈ വസ്തുത മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്തെ എല്ലാ ജൂവനൈൽ ഹോമുകളിലും അന്തേവാസികളായിട്ടുള്ള കുട്ടികൾക്ക്, ചട്ടങ്ങളിലെ അനുബന്ധം III-ൽ നിഷ്കർഷിച്ചിട്ടുള്ള തരത്തിലുള്ള കിടക്കകൾ, വസ്ത്രങ്ങൾ, അടിവസ്ത്രങ്ങൾ, മറ്റാരോഗ്യ പരിപാലന സാധനങ്ങൾ എന്നിവ വിതരണം നടത്തുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## 23-ാം ഖണ്ഡികയിലെ ശുപാർശ

വിവിധ ഹോമുകളിൽ താമസിക്കുന്ന അന്തേവാസികളായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ സൗകര്യം ഒരുക്കേണ്ടതാണെന്നും അതിനായി പരിശീലനം ലഭിച്ച അദ്ധ്യാപകരെ നിയോഗിക്കേണ്ടതാണെന്നും ചട്ടത്തിൽ വ്യവസ്ഥ ഉണ്ടെങ്കിലും അപ്രകാരമുള്ള പരിശീലകരുടെ അഭാവംമൂലം അത്തരത്തിലുള്ള ഒരു പരിശീലനവും നൽകാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് സാമൂഹ്യ ക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇതു സംബന്ധിച്ച് ചട്ടത്തിലെ വ്യവസ്ഥകൾ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. കുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നതു സംബന്ധിച്ച 30-ാം ചട്ടത്തിന്റെ (1) മുതൽ (8) വരെയുള്ള ഉപചട്ടങ്ങളിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടത്തിന്റെ (3)-ാം ഉപചട്ടപ്രകാരം എല്ലാ ഹോമുകളിലും ഏറ്റവും ചുരുങ്ങിയത് ഒരു തൊഴിൽ പരിശീലകനെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഹോമിലെ കുട്ടികൾ പ്രായപൂർത്തിയായി സ്വന്തംകാലിൽ നിൽക്കാറാകുമ്പോൾ അവരെ അതിന് പ്രാപ്തരാക്കാൻ ഉതകത്തക്കവിധത്തിലാണ് ഇത്തരം വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്നാണ് സമിതി വിലയിരുത്തുന്നത്. പ്രസ്തുത ഉദ്ദേശം സാക്ഷാത്കരിക്കണമെങ്കിൽ അതിന് സാധ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനാൽ സംസ്ഥാനത്തെ ജൂവനൈൽ ഹോമുകളുമായി ബന്ധപ്പെട്ട ചിൽഡ്രൻസ് ഹോമുകളിൽ ചട്ടപ്രകാരം ആവശ്യമായ തൊഴിൽ പരിശീലകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20, 21, 23 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള
സർക്കാർ മറുപടി

"സാമൂഹ്യക്ഷേമ വകുപ്പിൽ ആൺകുട്ടികൾക്കുവേണ്ടി 13 ഒബ്സർവേഷൻ ഹോമുകളും പെൺകുട്ടികൾക്കുവേണ്ടി ഒരു ഒബ്സർവേഷൻ ഹോമും നിലവിലുണ്ട്. കൂടാതെ ആൺകുട്ടികൾക്കുവേണ്ടി ഒരു സ്പെഷ്യൽ ഹോമും പെൺകുട്ടികൾക്കു വേണ്ടി ഒരു സ്പെഷ്യൽ ഹോമും ചട്ടം 13, 14 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇവിടെ പ്രവേശിപ്പിക്കപ്പെടുന്ന അന്തേവാസികളുടെ ഭക്ഷണം, താമസ സൗകര്യം, വസ്ത്രം, ആരോഗ്യക്ഷേമം, വിനോദം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഈ ഹോമുകൾവഴി നടപ്പാക്കുന്നു. സമൂഹത്തിൽ സംരക്ഷണവും ശ്രദ്ധയും ആവശ്യമായ കുട്ടികൾക്ക് വേണ്ടി ആറ് ചിൽഡ്രൻസ് ഹോം ആൺകുട്ടികൾക്കുവേണ്ടിയും രണ്ടെണ്ണം പെൺകുട്ടികൾക്കുവേണ്ടിയും പ്രവർത്തിക്കുന്നുണ്ട്. ഈ കുട്ടികൾക്ക് ഭക്ഷണം, താമസ സൗകര്യം, വസ്ത്രം, പോഷകാഹാരം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ബാലനീതി നിയമസ്ഥാപനങ്ങളിലെ കുട്ടികളുടെ ഭക്ഷണം ക്രമപ്പെടുത്തു ന്നതിനുള്ള ഒരു മെനു ചാർട്ട് കേരള സ്റ്റേറ്റ് ന്യൂട്രീഷ്യൻ ബോർഡ് വിദഗ്ദ്ധർ ഉൾപ്പെട്ട കമ്മിറ്റി തയ്യാറാക്കിയിരുന്നു. അതിൻപ്രകാരം നിലവിലുള്ള മെനു ചാർട്ട് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്. ജൂവനൈൽ ഹോം അന്തേവാസികൾക്ക് ഓരോ വർഷവും രണ്ട് ജോഡി വസ്ത്രങ്ങൾ നൽകുന്നു. കുളിക്കുന്നതിനും വസ്ത്രം അലക്കുന്നതിനും സോപ്പ് ലഭ്യമാക്കുന്നു. അന്തേവാസികൾക്ക് കിടക്കുവാൻ സൗകര്യം ലഭ്യമാക്കുന്നു. കാലാകാലങ്ങളിൽ അന്തേവാസികളെ വിസിറ്റിംഗ് ഡോക്ടർമാർ പരിശോധിക്കുന്നു. പകർച്ചവ്യാധികളുള്ളവരെ പ്രത്യേക മുറികളിൽ താമസിപ്പിക്കുന്നു. ചെറിയ അസുഖങ്ങൾക്ക് മരുന്ന് സ്ഥാപനങ്ങളിൽ തന്നെ ലഭ്യമാണ്.

ജൂവനൈൽ ഹോമുകളിലെ ലിറ്ററസി ടീച്ചർ തസ്തികകൾ നിർത്തലാക്കുന്നത് ജൂവനൈൽ ഹോമുകളിലെ അന്തേവാസികളായ കുട്ടികൾക്ക് അടുത്തുള്ള റഗുലർ സ്കൂളുകളിൽ പ്രവേശനം നേടാനും അവിടത്തെ റഗുലർ വിദ്യാർത്ഥികളുമായി ഇടപഴകി സ്വാഭാവിക അന്തരീക്ഷത്തിൽ വളരാനും പഠിക്കാനും വേണ്ടിയാണ്. നിലവിലുള്ള ലിറ്ററസി ടീച്ചർമാരും ഭാഗവതരും മറ്റും റിട്ടയർ ചെയ്യുന്നതനുസരിച്ച് കാലക്രമേണ പൂർണ്ണമാക്കാനും ഉദ്ദേശിക്കുന്ന ഒരു പരിഷ്കാരമാണിത്." (17-10-2008-ലെ 3407/ബി3/06/സാ.ക്ഷേ.വ. നമ്പർ കത്തുമുഖേന ലഭ്യമാക്കിയത്.)

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

24-ാം ഖണ്ഡികയിലെ ശുപാർശ

"സർവ്വശിക്ഷാ അഭിയാൻ" (എസ്.എസ്.എ.) പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൻകീഴിലുള്ള സ്കൂളുകളിൽ പഠിക്കുന്ന വിവിധ വിഭാഗം കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളായ സൗജന്യ പുസ്തകം, സ്കോളർഷിപ്പ് എന്നിവ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള ജൂവനൈൽ ഹോമുകളുമായി

ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്കൂളുകളിലെ കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നും ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി നിരന്തരം കത്തിടപാടുകൾ നടത്തിയിട്ടും ഇതുവരെ അനുകൂല തീരുമാനം ഉണ്ടായിട്ടില്ലെന്നും സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ജൂവനൈൽ ഹോമുകളുമായി ബന്ധപ്പെട്ട സ്കൂളുകളോട് പൊതുവിദ്യാഭ്യാസ വകുപ്പ് കാണിക്കുന്നതായി പറയപ്പെടുന്ന ഈ ചിറ്റമ്മനയം വേദനാജനകവും പ്രതിഷേധാർഹവുമാണെന്നാണ് സമിതിയുടെ അഭിപ്രായം. സമൂഹമനഃസാക്ഷിയുടെ സജീവ ശ്രദ്ധയും പരിപോഷണവും അർഹിക്കുന്നവരും ഹതഭാഗ്യരുമായ കുട്ടികളാണ് ഇത്തരത്തിലുള്ള സ്കൂളുകളിൽ അദ്ധ്യയനം നടത്തുന്നത്. പരിമിതമായ ജീവിത സാഹചര്യങ്ങൾക്കുള്ളിൽനിന്നുകൊണ്ട് ജീവിതം കെട്ടിപ്പടുക്കുവാൻ യത്നിക്കുന്ന ഇത്തരം കുട്ടികൾക്ക് ലഭിക്കാവുന്ന പരിമിതമായ ആനുകൂല്യങ്ങളെങ്കിലും ലഭ്യമാക്കുക എന്നതാണ് നമുക്ക് അവരോട് ചെയ്യാൻ കഴിയുന്ന മഹത്തായ കാര്യം. അതിന് വിലങ്ങുതടിയായി നിൽക്കുന്നതെന്തും നീക്കം ചെയ്യപ്പെടേണ്ടതാണെന്നാണ് സമിതിയുടെ ശക്തമായ അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ ജൂവനൈൽ ഹോമുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്കൂളുകളിൽ പഠിക്കുന്ന വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക്, മറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട രീതിയിലുള്ള എല്ലാ ആനുകൂല്യങ്ങളും എസ്.എസ്.എ. ആനുകൂല്യം ഉൾപ്പെടെ അടിയന്തിരമായി ലഭ്യമാക്കുവാൻവേണ്ട നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ടതാണെന്നും ആയതിന്റെ വിശദവിവരം സമിതിയെ അറിയിക്കേണ്ട താണെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇതുസംബന്ധിച്ച് ആവശ്യമായ രേഖകൾ സാമൂഹ്യക്ഷേമവകുപ്പ് എത്രയുംവേഗം പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ മറുപടി</u>

"വിവിധ ജില്ലകളിൽ ജൂവനൈൽ ഹോമുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് താഴെപ്പറയുന്ന ഇനങ്ങളിലായി എസ്.എസ്.എ.യിൽ നിന്നും 55,226 രൂപ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ടീച്ചർ ഗ്രാന്റ് | .. | 24,000 രൂപ |
| സ്കൂൾ ഗ്രാന്റ് | .. | 22,000 രൂപ |
| ലൈബ്രറി ഗ്രാന്റ് | .. | 1,000 രൂപ |
| മെയിന്റനൻസ് ഗ്രാന്റ് | .. | 5,000 രൂപ |
| പാഠപുസ്തകം | .. | 726 രൂപ |
| റാംപ് നിർമ്മാണം | .. | 2,500 രൂപ |

ഇതിനുപുറമേ കഴിഞ്ഞ കുറെ വർഷങ്ങളായി സൗജന്യ പാഠപുസ്തകങ്ങളും നൽകിവരുന്നുണ്ട്. ജൂവനൈൽ ഹോമുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്കൂളുകളിലെ വിവിധ വിഭാഗം കുട്ടികൾക്കും സൗജന്യ പാഠപുസ്തകം, ടീച്ചർ ട്രെയിനിംഗ്, വികലാംഗരായ കുട്ടികൾക്കുള്ള സംയോജിത വിദ്യാഭ്യാസ പരിപാടി

തുടങ്ങിയ എസ്.എസ്.എ. ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുവേണ്ട നിർദ്ദേശം എസ്.എസ്.എ.യുടെ എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ചില ജില്ലകളിൽ ജുവനൈൽ ഹോമുകളില്ല. അതുകൊണ്ട് അത്തരം ജില്ലകളിൽ എസ്.എസ്.എ.യുടെ ആനുകൂല്യങ്ങൾ നൽകേണ്ടിവന്നിട്ടില്ല. ചില ജില്ലകളിൽ ജുവനൈൽ ഹോം അധികൃതർ എസ്.എസ്.എ.യുമായി ബന്ധപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. അത്തരം ജില്ലകളിൽ ജുവനൈൽ ഹോം അധികൃതരുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് ആനുകൂല്യങ്ങൾ നൽകുവാൻ ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്." (12-4-2007-ലെ 26133/ഡി2/06/പൊ.വി.വ., 17-10-2008-ലെ 3407/ബി3/06/സാ.ക്ഷേ.വ. എന്നീ നമ്പർ കത്തുകൾ മുഖേന ലഭിച്ചത്.)

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ ജുവനൈൽ ഹോമുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്കൂളുകളിൽ പഠിക്കുന്ന വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക് മറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട രീതിയിലുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ ആവശ്യമായ രേഖകൾ സാമൂഹ്യക്ഷേമ വകുപ്പ് നൽകേണ്ടതാണെന്നുള്ള സമിതി നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. അപ്രകാരം ആവശ്യപ്പെട്ടതിന് 12-10-2010-ലെ 5160/ബി3/09/സാ.ക്ഷേ.വ. നമ്പർ കത്തുമുഖേന ലഭിച്ച സർക്കാർ മറുപടി ചുവടെ ചേർക്കുന്നു :

"പാലിച്ചിട്ടുണ്ട്."

17-11-2011-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 25-ാം ഖണ്ഡികയിലെ ശുപാർശ

സംസ്ഥാനത്തെ വിവിധ ജുവനൈൽ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള കുട്ടികളിൽ നല്ലൊരു ശതമാനം കുട്ടികളും അവരുടെ സ്കൂൾ വിദ്യാഭ്യാസത്തിനായി ഹോമിനു പുറത്തുള്ള സർക്കാർ സ്കൂളുകളിൽ നിത്യേന പോയിവരുന്നവരാണ്. ഇത്തരം കുട്ടികൾ അവർക്ക് ഹോമുകളിൽ നിഷ്ക്കർഷിക്കപ്പെട്ട യൂണിഫോം വസ്ത്രങ്ങളാണ് സ്കൂളുകളിലും ധരിക്കേണ്ടിവരുന്നത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഒരേതരം യൂണിഫോം ധരിച്ചുവരുന്ന സാധാരണ സ്കൂളുകളിൽ നിലവിലുള്ള യൂണിഫോമിൽ നിന്ന് വ്യത്യസ്തമായ വസ്ത്രങ്ങൾ ധരിച്ചുവരുന്ന ഹോമിലെ അന്തേവാസികളായ കുട്ടികളെ ഒരു പ്രത്യേക വിഭാഗക്കാരായി മാറ്റി നിർത്തുന്ന ഒരു പ്രവണത മറ്റു വിദ്യാർത്ഥികളുടെ ഇടയിലും ചില അദ്ധ്യാപകരുടെ ഇടയിലും ഉണ്ടാകുന്നതായും അതുമൂലം ഇത്തരം കുട്ടികൾ ഏറെ മാനസിക സംഘർഷത്തിന് ഇരയാകുന്നതായും സമിതിയുടെ തെളിവെടുപ്പുവേളയിൽ സമിതിക്ക് ബോദ്ധ്യമായി. അതുപോലെ ഹോമിൽ നിന്നും കിലോമീറ്ററുകൾ അകലെയുള്ള സ്കൂളിലേക്ക് കാൽനടയായി യാത്ര ചെയ്യുമ്പോഴും ഇത്തരം കുട്ടികൾ മറ്റുള്ളവരുടെ ശ്രദ്ധാകേന്ദ്രമായി മാറുന്നു. ഇതും അവർക്ക് മാനസികപ്രശ്നം സൃഷ്ടിക്കുന്നതായി കുട്ടികളിൽ നിന്നും അറിയാൻ കഴിഞ്ഞു. ജുവനൈൽ ഹോമിലെ

അന്തേവാസികളായ കുട്ടികൾക്ക് സമൂഹത്തിലെ ഇതരവിഭാഗം ആൾക്കാരിൽ നിന്നും അനുഭവപ്പെടുന്ന ഇത്തരം തിക്താനുഭവങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. അതിനായി ഹോമുകളിൽ നിന്നും പുറത്തുള്ള സ്കൂളുകളിൽ പോയി വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾ അതേ സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾ ധരിക്കുന്ന യൂണിഫോം തന്നെ ധരിക്കുവാനുള്ള അവസരം ഒരുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതുപോലെ സ്കൂളിലേക്കും തിരിച്ച് ഹോമിലേക്കുമുള്ള അവരുടെ കാൽനടയാത്ര കഴിവതും ഒഴിവാക്കപ്പെടേണ്ടതാണെന്നും, രാവിലെയും വൈകുന്നേരവും ഈ ആവശ്യത്തിനായി ഒരു വാഹനത്തിന്റെ സേവനം ഉപയോഗപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ ആവശ്യത്തിനായി അതതു സ്ഥലങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ചാരിറ്റബിൾ സ്ഥാപനങ്ങളുടേയോ സന്നദ്ധ സംഘടന കളുടേയോ മറ്റ് ധർമ്മ സ്ഥാപനങ്ങളുടേയോ ഒക്കെ സഹായം തേടാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ മറുപടി

"തിരുവനന്തപുരം ജൂവനൈൽ ഹോമിൽ നിന്നും പുറത്ത് സ്കൂളിൽ പോയി പഠിക്കുന്ന കുട്ടികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുവാൻ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ജൂവനൈൽ ഹോമുകളിൽ നിന്നും പുറത്തുള്ള സ്കൂളിൽ പോയി വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് അതേ സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾ ധരിക്കുന്ന യൂണിഫോം തന്നെയാണ് ഇപ്പോൾ നൽകുന്നത്." (17-10-2008-ലെ 3407/ബി3/06/സാ.ക്ഷേ.വ. നമ്പർ കത്തു മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും തിരുവനന്തപുരം ജൂവനൈൽ ഹോമിൽ നിന്നും പുറത്ത് സ്കൂളിൽ പോയി പഠിക്കുന്ന കുട്ടികൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തുവാൻ നൽകിയ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് ആരായാൻ നിർദ്ദേശിക്കുയും ചെയ്തു. സമിതി നിർദ്ദേശപ്രകാരം ആവശ്യപ്പെട്ടതിന് 12-10-2010-ലെ 5160/ബി3/09/സാ.ക്ഷേ.വ. നമ്പർ കത്തുമുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"പാലിച്ചിട്ടുണ്ട്."

പ്രസ്തുത മറുപടി 17-11-2011-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുയും അംഗീകരിക്കുകയും ചെയ്തു.

### 26-ാം ഖണ്ഡികയിലെ ശുപാർശ

കൂടുതൽ കുട്ടികളെ പാർപ്പിക്കുന്ന തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലുള്ള ഹോമുകളിലെ അന്തേവാസികൾക്ക് അസമയത്ത് അസുഖമോ മറ്റ് അത്യാഹിതമോ ഉണ്ടായാൽ ആവശ്യമായ മെഡിക്കൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വാഹനം ലഭ്യമല്ലാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി അന്തേവാസികളും ഉദ്യോഗസ്ഥരും അഭിപ്രായപ്പെടുകയുണ്ടായി. എല്ലാ ഹോമുകളു മായി ബന്ധപ്പെട്ട് ഇത്തരത്തിൽ സ്വന്തമായി വാഹന സൗകര്യം ഏർപ്പാടാക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഒരു കാര്യമാണെങ്കിൽ

പോലും അതിന്റെ ആവശ്യകത തള്ളിക്കളയാവുന്നതല്ല. അതിനാൽ മുകളിൽ സൂചിപ്പിച്ചതുപോലെ, വ്യക്തികളുടേയോ, കോർപ്പറേറ്റ് സ്ഥാപനങ്ങളുടേയോ ധനകാര്യ സ്ഥാപനങ്ങളുടേയോ വ്യവസായ സ്ഥാപനങ്ങളുടേയോ ഒക്കെ സ്പോൺസർഷിപ്പിലൂടെ ഈ ആവശ്യം എങ്ങനെ ഫലവത്താക്കാം എന്നതിനെ സംബന്ധിച്ച് സർക്കാർ പര്യാലോചിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27-ാം ഖണ്ഡികയിലെ ശുപാർശ

ഹോമിലെ അന്തേവാസികളായ കുട്ടികൾക്ക് ഉണ്ടായേക്കാവുന്ന ശാരീരികമോ മാനസികമോ ആയ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ ഫലപ്രദമായ വ്യവസ്ഥകൾ ഈ ചട്ടങ്ങളിൽ വളരെ വിശദമായി തന്നെ ഉൾക്കൊള്ളിച്ചതിനെ സമിതി സഹർഷം സ്വാഗതം ചെയ്യുന്നു [ചട്ടം 29(4) (ഇ), ചട്ടം 31(1) എന്നിവ]. എന്നാൽ ഈ ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമുള്ള സേവനം ഹോമിലെ കുട്ടികൾക്ക് വേണ്ടത്ര ലഭ്യമാകുന്നില്ല എന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടത് അനിവാര്യമാണ്. കുട്ടികളുടെ ആരോഗ്യ കാര്യത്തിൽ വരുത്തുന്ന ചെറിയ വീഴ്ചകൾപോലും അപരിഹാര്യമായ നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ ഇതു സംബന്ധമായ ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ ആവശ്യമായ നിർദ്ദേശം സർക്കാർ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതുപോലെ മാനസികമായ സംഘർഷം അനുഭവപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നടത്തുന്നതിനായി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ചട്ടം 31(1) അനുസരിച്ച് കൃത്യമായ ഇടവേളകളിൽ കുട്ടികൾക്കായി കൗൺസിലിംഗ് ഏർപ്പെടുത്തുവാനുള്ള അവസരമൊരുക്കണമെന്നുകൂടി സമിതി നിർദ്ദേശിക്കുന്നു.

26, 27 ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള സർക്കാർ മറുപടി.

"ജുവനൈൽ ഹോം അന്തേവാസികളിൽ മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ് എന്നിവ ചട്ടം 31(1) അനുസരിച്ച് കൃത്യമായ ഇടവേളകളിൽ സന്നദ്ധ സംഘടനകളുടെയും അതാത് സാമൂഹ്യക്ഷേമ പ്രവർത്തകരുടെയും സഹായത്തോടെ നടത്തിവരുന്നു. തിരുവനന്തപുരം ജുവനൈൽ ഹോമിൽ പാർട്ട്ടൈം സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്." (17-10-2008-ലെ 3407/ബി$_3$/06/സാ.ക്ഷേ.വ. നമ്പർ കത്തു മുഖേന ലഭിച്ചത്.)

പ്രസ്തുത മറുപടി 6-1-2009-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

28-ാം ഖണ്ഡികയിലെ ശുപാർശ

സംസ്ഥാനത്ത് പെൺകുട്ടികളെ പാർപ്പിക്കുന്നതിനുവേണ്ടിയുള്ള സ്പെഷ്യൽ ഹോം ഇപ്പോൾ കോഴിക്കോടു മാത്രമാണ് പ്രവർത്തിക്കുന്നത്. ഇതുമൂലം തെക്കൻ ജില്ലകളിലെ പെൺകുട്ടികളെ ഈ ആവശ്യത്തിനായി കോഴിക്കോട്ടേക്ക് മാറ്റേണ്ടതായി വരുന്നു. ഇതുമൂലം പ്രായോഗികമായ ഏറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. സമിതി നടത്തിയ സന്ദർശന വേളയിൽ സമിതിക്ക് ഇക്കാര്യം ബോദ്ധ്യപ്പെടുകയുമുണ്ടായി. സാമൂഹ്യക്ഷേമ

വകുപ്പുസെക്രട്ടറിയുമായുള്ള തെളിവെടുപ്പുവേളയിൽ ഇതിന്റെ സാദ്ധ്യത സമിതി ആരായുകയുണ്ടായി. തെക്കൻ ജില്ലകളിൽ എവിടെയെങ്കിലും പ്രത്യേകിച്ച് എറണാകുളത്ത് ഒരു സ്പെഷ്യൽ ഹോം പെൺകുട്ടികൾക്കു മാത്രമായി ആരംഭിക്കാവുന്നതാണെന്ന് വകുപ്പു സെക്രട്ടറി തദവസരത്തിൽ സമിതിയെ അറിയിക്കുകയും ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, പെൺകുട്ടികൾക്കു മാത്രമുള്ള ഒരു സ്പെഷ്യൽ ഹോം തെക്കൻ ജില്ലകളിൽ എവിടെയെങ്കിലും സൗകര്യപ്രദമായി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### 29-ാം ഖണ്ഡികയിലെ ശുപാർശ

ഈ ചട്ടങ്ങൾ പ്രകാരമുള്ള നിരവധി ഹോമുകൾ സംസ്ഥാനത്തുണ്ട്. എന്നാൽ അവ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെല്ലാം തന്നെ വേണ്ടത്ര സുരക്ഷിതമോ അനുബന്ധ സൗകര്യങ്ങളോടുകൂടിയതോ ആണെന്ന് സമിതി കരുതുന്നില്ല. ചില കെട്ടിടങ്ങൾ സുരക്ഷാ ഭീഷണി നേരിടുന്നവയാണ്. മറ്റു ചില കെട്ടിടങ്ങളിൽ അന്തേവാസികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. സുരക്ഷാക്രമീകരണങ്ങളുടെ അഭാവത്തിൽ കോഴിക്കോടു പ്രവർത്തിക്കുന്ന സ്പെഷ്യൽ ഹോമിൽ നിന്നു മൂന്നു കുട്ടികൾ ചാടിപ്പോയതായ സംഭവവും സമിതി മുമ്പാകെ ഉന്നയിക്കപ്പെടുകയുണ്ടായി. അതുപോലെ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ഒബ്സർവേഷൻ ഹോം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പല സ്ഥലങ്ങളിലും വൃത്തിയും വെടിപ്പുമുള്ള അടുക്കളയോ ശൗചാലയങ്ങളോ ഇല്ല എന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യങ്ങളൊക്കെ വിരൽ ചൂണ്ടുന്നത് സംസ്ഥാനത്തെ ജൂവനൈൽ ഹോമുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ പലതും ഈ ആവശ്യത്തിന് പര്യാപ്തമല്ല എന്ന വസ്തുതയിലേക്കാണ്. ഇക്കാരൃത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയണമെന്നും കേടുപാടു പറ്റിയതും അടിസ്ഥാന സൗകര്യം ഇല്ലാത്തതും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ, അന്തേവാസികളുടെ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കുന്നതിലേക്കായി അനുയോജ്യമായ കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### 28, 29 ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള സർക്കാർ മറുപടി.

"ബാലനീതി നിയമപ്രകാരമുള്ള ക്ഷേമ സ്ഥാപനങ്ങൾ ഇടുക്കി ഒഴിച്ച് ബാക്കി എല്ലാ ജില്ലകളിലും നിലവിൽ ഉണ്ട്. ഇവയെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എല്ലാവർഷവും നടത്തുന്നുണ്ട്. കൂടാതെ പുതിയ സൗകര്യങ്ങളും ലഭ്യമാക്കി അവരുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പിക്കുന്നു." (17-10-2008-ലെ 3407/ബി$_3$/06/സാ.ക്ഷേ.വ. നമ്പർ കത്തു മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും സർക്കാർ മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുകയും സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ നൽകുന്ന മറുപടി വ്യക്തവും സംശയങ്ങൾക്കിടവരാത്തരീതിയിലുള്ളതുമായിരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

സമിതി നിർദ്ദേശപ്രകാരമുള്ള വിവരം സർക്കാരിനെ അറിയിച്ചതിനെ തുടർന്ന് 12-10-2010-ലെ 5160/ബി3/09/സാ.ക്ഷേ.വ. നമ്പർ കത്തു മുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"അന്തേവാസികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കുട്ടികൾക്കാവശ്യമായ കട്ടിൽ, മെത്ത, തലയിണ, പഠനത്തിനായി മേശ, കസേര, കുട്ടികളുടെ വസ്ത്രങ്ങൾ സൂക്ഷിക്കുന്നതിനായി അലമാര, കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനായി ഡൈനിംഗ് ടേബിൾ എന്നിവ ചിൽഡ്രൻസ് ഹോമിൽ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ മാനസികോല്ലാസത്തിനായി ടി.വി., റേഡിയോ, ഡി.വി.ഡി. എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കാവശ്യമായ ഭക്ഷണം വൃത്തിയായി പാകം ചെയ്യുന്നതിനുള്ള അടുക്കള പാത്രങ്ങൾ, ഭക്ഷണസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഫ്രിഡ്ജ്, ഭക്ഷണസാധനങ്ങൾ പാകം ചെയ്യുന്നതിനായി ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിനായി ചെസ്, ബാഡ്മിന്റൺ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ ഒബ്സർവേഷൻ ഹോം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ചിൽഡ്രൻസ് ഹോമുകളും ഒബ്സർവേഷൻ ഹോമുകളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിൽ ജെ.ജെ. സ്ഥാപനങ്ങൾ യാതൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. കൊല്ലം, കണ്ണൂർ, കോഴിക്കോട് (ബോയ്സ്) എന്നീ ജില്ലകളിൽ പുതിയ കെട്ടിടത്തിലേക്ക് ചിൽഡ്രൻസ് ഹോം മാറ്റിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പെൺകുട്ടികൾക്കായി പുതിയ ചിൽഡ്രൻസ് ഹോം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകൾ/ഒബ്സർവേഷൻ ഹോമുകളുടെ അറ്റകുറ്റപ്പണികൾ യഥാവിധി നടത്തി വരുന്നു. സ്ഥാപനങ്ങളിലെ അടുക്കള, ശൗചാലയങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി വൃത്തിയും വെടിപ്പുള്ളതുമാക്കിയിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സ്ഥാപനങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലനത്തിന് സമ്പൂർണ്ണ പോഷകാഹാരം ഉൾപ്പെട്ട പുതുക്കിയ ഡയറ്റ് സ്കെയിൽ നടപ്പിലാക്കിയിട്ടുണ്ട്."

17-11-2011-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 32-ാം ഖണ്ഡികയിലെ ശുപാർശ

തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന സർക്കാർ ജൂവനൈൽ ഹോമിലേക്ക് വന്നു പോകുന്നതിനായി തൊട്ടടുത്തുള്ള കേരള പോലീസ് അക്കാഡമിയുടെ സമീപത്തുകൂടി ഒരു വഴി ഉണ്ടായിരുന്നു. ജൂവനൈൽ ഹോമിനെ മെയിൻ റോഡുമായി നേരിട്ടു ബന്ധിപ്പിക്കുന്ന ടി വഴി വർഷങ്ങളായി ഹോമിലെ അന്തേവാസികളും അവരുടെ മാതാപിതാക്കളും ഉദ്യോഗസ്ഥരും മറ്റ് ബന്ധപ്പെട്ടവരും ഉപയോഗിച്ച് വരികയായിരുന്നു. സുരക്ഷാനടപടിയുടെ പേരിൽ പോലീസ് അക്കാഡമിക്ക് ചുറ്റുമതിൽ നിർമ്മിച്ചപ്പോൾ ജൂവനൈൽ ഹോമിലേക്ക് പോകുവാനുള്ള വഴിക്കായി നീക്കിവച്ചിരുന്ന സ്ഥലം കൂടി ഉൾപ്പെടുത്തിക്കൊണ്ട് മതിൽ കെട്ടുകയും ആ വഴി എന്നെന്നേക്കുമായി അടയ്ക്കപ്പെടുകയും ചെയ്തു.

14-2-2006-ന് തിരുവനന്തപുരത്ത് വച്ച് നടന്ന സമിതിയുടെ തെളിവെടുപ്പു യോഗത്തിൽ ഇക്കാര്യത്തെ സംബന്ധിച്ചുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ അഭിപ്രായം പ്രസ്തുത വകുപ്പു സെക്രട്ടറിയോട് സമിതി ആരായുകയുണ്ടായി. തർക്ക വിഷയമായ വഴി ഉൾപ്പെടുന്ന സ്ഥലം സാമൂഹ്യക്ഷേമ വകുപ്പിന് അവകാശപ്പെട്ടതാണെന്നും അത് തിരികെ ലഭിക്കുവാൻ സമിതിയുടെ സഹായം ഉണ്ടാകണമെന്നും സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഒരു ശാശ്വത പരിഹാരം എത്രയും വേഗം ഉണ്ടാകണമെന്ന് സമിതി ആഗ്രഹിക്കുന്നു. ആയതിലേക്കായി സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയും ആഭ്യന്തര വകുപ്പ് സെക്രട്ടറിയും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിക്കണമെന്നും, രണ്ടു വകുപ്പുകൾ തമ്മിലുള്ള തർക്കം എന്നതിലുപരി, ഒരു സാമൂഹ്യപ്രശ്നം എന്ന രീതിയിൽ തികഞ്ഞ അവധാനതയോടെ എത്രയും വേഗം ഇക്കാര്യത്തിൽ ന്യായയുക്തമായ ഒരു തീരുമാനം യോജിച്ച് കൈക്കൊള്ളണമെന്നും ആയത് സമിതിയെ ധരിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

"തൃശ്ശൂർ ഗവൺമെന്റ് ജൂവനൈൽ ഹോമിന് നടപ്പാത '7' അടി വീതിയിൽ ലഭ്യമായിട്ടുണ്ടെന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (28-4-2007-ലെ 63605/ഇ3/05/ആഭ്യന്തരം, 17-10-2008-ലെ 3407/ബി3/06/ സാ.ക്ഷേ.വ. എന്നീ നമ്പർ കത്തുകൾ മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും തൃശ്ശൂർ ഗവൺമെന്റ് ജൂവനൈൽ ഹോമിന് ലഭ്യമാക്കിയിട്ടുള്ളതായി പറഞ്ഞിട്ടുള്ള ഏഴ് അടി വീതിയുള്ള നടപ്പാത ജൂവനൈൽ ഹോമിന് മാത്രമായി ലഭിച്ചിട്ടുണ്ടോയെന്നും വഴിക്ക് ഏഴടി വീതി മതിയാകുമോ എന്നത് പരിശോധിച്ചിട്ടുണ്ടോയെന്നും ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. സമിതി നിർദ്ദേശപ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് 12-10-2010-ലെ 5160/ബി3/09/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"ഏഴ് അടി വീതിയുള്ള നടപ്പാത തൃശ്ശൂർ ജൂവനൈൽ ഹോമിന് മാത്രമായി ലഭിച്ചിട്ടുണ്ട്. എന്നാൽ നടപ്പാതയ്ക്ക് 12 അടി വീതിയെങ്കിലും ആവശ്യമാണ്. 12 അടി വീതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു."

17-11-2011-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>34-ാം ഖണ്ഡികയിലെ ശുപാർശ</u>

അഞ്ചാം അദ്ധ്യായത്തിലെ 'പലവക'എന്ന ശീർഷകത്തിൻകീഴിൽ, ഈ ചട്ടങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ മറ്റ് അടിസ്ഥാന കാര്യങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. (ചട്ടം 41 മുതൽ 73 വരെ) അതിലെ 'ഹെഡ് ക്വാർട്ടേഴ്സ് ഓർഗനൈസേഷൻ' എന്ന 59-ാം ചട്ടത്തിൽ സംസ്ഥാനത്തെ ജൂവനൈൽ ഹോമുകളുടെ ഭരണനിർവ്വഹണം സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിലേക്കായി 'ജോയിന്റ് ഡയറക്ടർ ആന്റ് ചീഫ് ഇൻസ്പെക്ടർ

(ജൂവനൈൽ ജസ്റ്റിസ്)' എന്ന പേരിൽ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ കീഴിൽ ഒരു തസ്തിക ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് സംസ്ഥാനത്ത് ഇതുവരെ നടപ്പാക്കിയില്ല എന്നാണ് സമിതി മനസ്സിലാക്കുന്നത്. ജൂവനൈൽ ഹോമുകളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുവാൻ ഈ തസ്തിക അനിവാര്യമാണെന്ന് സമിതി കരുതുന്നു. അത് എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

"സംസ്ഥാനത്തെ ജൂവനൈൽ ഹോമുകളുടെ ഭരണ നിർവ്വഹണം സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി ജോയിന്റ് ഡയറക്ടർ ആന്റ് ചീഫ് ഇൻസ്പെക്ടർ (ജെ.ജെ.) എന്ന തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു." (17-10-2008 -ലെ 3407/ബി3/06/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

പ്രസ്തുത മറുപടി 6-1-2009-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും സംസ്ഥാനത്തെ ജൂവനൈൽ ഹോമുകളുടെ ഭരണ നിർവ്വഹണം സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി ജോയിന്റ് ഡയറക്ടർ ആന്റ് ചീഫ് ഇൻസ്പെക്ടർ (ജൂവനൈൽ ജസ്റ്റിസ്) എന്ന തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. അപ്രകാരം ആവശ്യപ്പെട്ടതിന് 12-10-2010 -ലെ 5160/ബി3/09/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"വകുപ്പിൽ നിലവിലുണ്ടായിരുന്ന ജോയിന്റ് ഡയറക്ടർ (ജെ.ജെ.) ജി.ഒ. (ആർ.റ്റി) നമ്പർ 276/03/സാ.ക്ഷേ.വ. തീയതി 27-6-03 പ്രകാരം വെട്ടിക്കുറച്ച 125 തസ്തികകളിൽ ഉൾപ്പെടുന്നു. 6-11-2006-ന് കൂടിയ സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി വകുപ്പിൽ നിന്നും വെട്ടിക്കുറച്ച തസ്തികകളിൽ അവശ്യം വേണ്ടവ പുനഃസ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 15-10-2007-ന് ഇ1/41655/06 നമ്പർ കത്ത് പ്രകാരം ജോയിന്റ് ഡയറക്ടർ (ജെ.ജെ.) തസ്തിക ഉൾപ്പെടെ അത്യാവശ്യം വേണ്ട തസ്തികകൾ പുനഃസ്ഥാപിക്കാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു."

17-11-2011-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

35-ാം ഖണ്ഡികയിലെ ശുപാർശ

ജില്ലാതലത്തിലുള്ള ജൂവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനായി ചട്ടം 60 പ്രകാരം വിഭാവനം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത ചട്ടത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും അത് സംസ്ഥാനതലത്തിൽ വിലയിരുത്തുവാൻ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

"ജില്ലാതലത്തിലുള്ള ജൂവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനായി ചട്ടം 60 പ്രകാരം ജില്ലാ പ്രൊബേഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു." (17-10-2008-ലെ 3407/ബി$_3$/06/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

36-ാം ഖണ്ഡികയിലെ ശുപാർശ

"ഇൻസ്റ്റിറ്റ്യൂഷനൽ ഓർഗനൈസേഷൻ" എന്ന 61-ാം ചട്ടത്തിൽ ഓരോ ജൂവനൈൽ ഹോമിനും ഉണ്ടായിരിക്കേണ്ട ഉദ്യോഗസ്ഥരുടെ പട്ടിക തരം തിരിച്ച് നൽകിയിരിക്കുന്നു. എന്നാൽ സമിതി സന്ദർശനം നടത്തിയ പല ഹോമുകളിലും അവശ്യം ഉണ്ടായിരിക്കേണ്ട കുക്ക്, കെയർടേക്കർ, നൈറ്റ് വാച്ച്മാൻ, അദ്ധ്യാപകൻ എന്നീ തസ്തികകൾ പോലും ഒഴിഞ്ഞു കിടക്കുന്നതായി പരാതിപ്പെടുകയുണ്ടായി. ഇത്തരം വീഴ്ചകൾ ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ലെന്നാണ് സമിതിയുടെ ശക്തമായ അഭിപ്രായം. ആയതിനാൽ സംസ്ഥാനത്തെ വിവിധ ജൂവനൈൽ ഹോമുകളിലേക്ക് ചട്ടപ്രകാരം ആവശ്യമായത്ര തസ്തികകൾ ഉടൻതന്നെ സൃഷ്ടിക്കേണ്ടതാണെന്നും അപ്രകാരം സൃഷ്ടിക്കപ്പെടുന്ന തസ്തികകളിലും നിലവിലുള്ള തസ്തികകളിൽ ഒഴിവുള്ളവയിലും ഉടൻ നിയമനം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഓരോ ഹോമിലേക്കുമുള്ള അവശ്യ തസ്തികകളിലേക്ക് സ്ഥിര നിയമനം ഏതെങ്കിലും കാരണത്താൽ വൈകാനിടയുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം നടത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

"ജൂവനൈൽ ഹോമുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തിവരുന്നു. സ്ഥിരനിയമനം വൈകാൻ ഇടയുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് വഴി താല്ക്കാലിക നിയമനം നടത്തിവരുന്നു." (17-10-2008-ലെ 3407/ബി3/06/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും ജൂവനൈൽ ഹോമുകളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് ആരായുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത വിവരം ആവശ്യപ്പെട്ടതിൻ പ്രകാരം 12-10-2010 -ലെ 5160/ബി$_3$/09/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"കാലാകാലങ്ങളിൽ ജെ.ജെ. സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നികത്തി വരുന്നുണ്ട്."

17-11-2011-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 37-ാം ഖണ്ഡികയിലെ ശുപാർശ

ചട്ടം 62, 63, 64 എന്നിവയിൽ വിവിധ തസ്തികകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കിയിരിക്കുന്നു. അതനുസരിച്ച് ബന്ധപ്പെട്ട തസ്തികകളിൽ ജോലി നോക്കുന്നവർ തങ്ങളുടെ കർത്തവ്യങ്ങൾ ശരിയായ രീതിയിൽ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### 38-ാം ഖണ്ഡികയിലെ ശുപാർശ

ഈ ചട്ടങ്ങളിലെ വിവിധ വ്യവസ്ഥകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ട വ്യത്യസ്ത തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ട പരിശീലനങ്ങളെ സംബന്ധിച്ച് ചട്ടം 65-ൽ വിശദീകരിച്ചിരിക്കുന്നു. ഈ ചട്ടത്തിലെ വ്യവസ്ഥ പ്രകാരം കുറെയധികം ജീവനക്കാർക്ക് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞതായി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ഇത്തരത്തിലുള്ള പരിശീലനം എല്ലാ വിഭാഗം ജീവനക്കാർക്കും ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണെന്നും സംസ്ഥാന തലത്തിൽ തുടർ പരിശീലനങ്ങൾ നടത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

### 37, 38 ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള സർക്കാർ മറുപടി

"ജൂവനൈൽ ജസ്റ്റിസ് നിയമം സംബന്ധിച്ച് പരിശീലനം എല്ലാ വിഭാഗം ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്. കെയർടേക്കർമാർക്കും, സൂപ്രണ്ടുമാർക്കും നടപ്പുവർഷവും പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു." (17-10-2008-ലെ 3407/ബി3/06/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 39-ാം ഖണ്ഡികയിലെ ശുപാർശ

ചട്ടം 66 പ്രകാരമുള്ള ജൂവനൈൽ പോലീസ് യൂണിറ്റുകളുടെ രൂപീകരണവും അവർക്കുള്ള പരിശീലനവും നടന്നുവരുന്നതായിട്ടാണ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചത്. എന്നാൽ എല്ലാ ജില്ലകളിലും ഓരോ ജൂവനൈൽ പോലീസ് യൂണിറ്റും, എല്ലാ പോലീസ് സ്റ്റേഷനുകളിലും ഓരോ ജൂവനൈൽ പോലീസ് ഓഫീസറും വേണമെന്ന ചട്ടത്തിലെ വ്യവസ്ഥ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല എന്നാണ് സമിതി മനസ്സിലാക്കുന്നത്. മാത്രവുമല്ല ജൂവനൈൽ പോലീസ് ഓഫീസർമാർക്ക് നൽകേണ്ട പരിശീലനവും പൂർണ്ണമായി നൽകാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇനിയും ജൂവനൈൽ പോലീസ് യൂണിറ്റ് രൂപീകരിക്കാത്ത ജില്ലകളിൽ അവ രൂപീകരിക്കണമെന്നും അതുപോലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജൂവനൈൽ പോലീസിനെ നിയോഗിക്കണമെന്നും അവർക്ക് ആവശ്യമായ പരിശീലനം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

"ജൂവനൈൽ പോലീസ് യൂണിറ്റ് എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. 2006-07 വർഷം സാമൂഹ്യക്ഷേമ വകുപ്പ് എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും ജൂവനൈൽ ജസ്റ്റിസ് ആക്ട്, ചൈൽഡ് അബ്യൂസ്, ചൈൽഡ് ട്രാഫിക്കിംഗ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്." (17-10-2008-ലെ 3407/ബി3/06/ സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

40-ാം ഖണ്ഡികയിലെ ശുപാർശ

ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനായി ചട്ടം 70(1) പ്രകാരം സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയും ചട്ടം 70(4) പ്രകാരം ജില്ലാതല അഡ്വൈസറി കമ്മിറ്റികളും രൂപീകരിക്കേണ്ടതുണ്ട്. അതിൽ സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി മാത്രമേ ഇതിനകം രൂപീകരിക്കാൻ കഴിഞ്ഞുള്ളൂവെന്നാണ് വകുപ്പ് സെക്രട്ടറി അറിയിച്ചത്. വിവിധ ജില്ലാ അഡ്വൈസറി കമ്മിറ്റികൾ കൂടി ഉടൻ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

"27-11-2006-ലെ സ.ഉ.(ആർ.ടി.)നമ്പർ 508/2006/സാ.ക്ഷേ.വ. പ്രകാരം ജില്ലാതല ഉപദേശക സമിതി രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്." (17-10-2008-ലെ 3407/ബി$_3$/ 06/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും ജൂവനൈൽ ജസ്റ്റിസ് നിയമവും ചട്ടവും പ്രകാരമുള്ള സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനായി ജില്ലാതല ഉപദേശകസമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. അപ്രകാരം ആവശ്യപ്പെട്ടതിന് 12-10-2010-ലെ 5160/ ബി$_3$/09 /സാ.ക്ഷേ.വ. നമ്പർ കത്തു മുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ജില്ലാതല ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്."

പ്രസ്തുത മറുപടി 17-11-2011-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

41-ാം ഖണ്ഡികയിലെ ശുപാർശ

ചട്ടം 73 പ്രകാരം സംസ്ഥാനത്ത് ഒരു "മിസ്സിംഗ് ചിൽഡ്രൻസ് ബ്യൂറോ" സ്ഥാപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടതായോ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചോ സമിതിക്ക് ഒരു വിവരവും ഇതുവരെ ലഭ്യമായിട്ടില്ല. ആകയാൽ ഇത്തരത്തിൽ ഒരു ബ്യൂറോ ഇതിനകം സ്ഥാപിച്ചിട്ടില്ലെങ്കിൽ അത് ഉടൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്നും അതു സംബന്ധിച്ച വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ മറുപടി

"മിസ്സിംഗ് ചിൽഡ്രൻസ് ബ്യൂറോ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു." (17-10-2008-ലെ 3407/ബി$_3$/06/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്).

6-1-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും മിസ്സിംഗ് ചിൽഡ്രൻ ബ്യൂറോ നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. അപ്രകാരം ആവശ്യപ്പെട്ടതിന് 12-10-2010-ലെ 5160/ബി$_3$/09/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ആഗസ്റ്റ് 2008-ൽ മിസ്സിംഗ് ചിൽഡ്രൻ ആന്റ് ചൈൽഡ് പ്രൊട്ടക്ഷൻ ഹോം ലിങ്ക് നെറ്റ് വർക്ക് എന്ന സംവിധാനം എറണാകുളത്തും, തിരുവനന്തപുരത്തും നടപ്പിൽ വന്നിട്ടുണ്ട്. 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിൽ ടി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കായി 'ട്രിവാൻട്രം ഡോൺ ബോസ്കോ വീട് സൊസൈറ്റി'ക്ക് ഫണ്ട് നൽകിയിട്ടുണ്ട്."

പ്രസ്തുത മറുപടി 17-11-2011-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**പൊതു നിർദ്ദേശം**

**സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന വേളയിൽ അത് സംബന്ധിച്ച ഉത്തരവുകളുടെയും, നിർദ്ദേശങ്ങളുടെയും പകർപ്പുകൾ കൂടി നിർബന്ധമായി ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**എം. ഉമ്മർ,**

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 മാർച്ച് 21.